# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.893 11.03.2015-ൽ മറുപടിയ്ക്ക്**

## <u>കുളങ്ങളുടെ KIIDC വഴിയുള്ള നവീകണം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി:** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ - KIIDC - ഏറ്റെടുത്തു ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന/ നടത്താൻ ഉദ്ദേശിക്കുന്ന നേമം നിയോജക മണ്ഡലത്തിലെ കുളങ്ങൾ ഏതൊക്കെ-യാണെന്നു വ്യക്തമാക്കുമോ; | (എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ - KIIDC - മുഖേന ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന നേമം നിയോജക മണ്ഡലത്തിലെ കുളങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. എസ്റ്റേറ്റ് വാർഡിലെ നന്തൻകോട് കുളം<br>2. മുടവൻമുകൾ വാർഡിലെ മാവിറവിളകുളം<br>3. എസ്റ്റേറ്റ് വാർഡിലെ തെങ്ങുവിളകുളം<br>4. പുന്നയ്ക്കാമുഗൾ വാർഡിലെ കോട്ടുകോണം കുളം<br>5. തൃക്കണ്ണാപുരം വാർഡിലെ വേളാരിവിളകുളം<br>6. നേമം വാർഡിലെ നമ്പുവിളകുളം |
| (ബി) ഇവയിൽ ഏതൊക്കെ കുളങ്ങളുടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാ-യിട്ടുണ്ട് എന്നും ഏതൊക്കെ കുളത്തിന്റെ പ്രവൃത്തികൾ പുരോഗ-തിയിലാണ് എന്നും വിശദമാക്കുമോ; | (ബി) ഇവയിൽ പുന്നയ്ക്കാമുഗൾ വാർഡിലെ കോട്ടുകോണം കുളത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 5 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |

(സി) ഇവയിൽ ഓരോ കുളത്തിനും വിനിയോഗിക്കുന്ന തുക എത്രയെന്നും നിർവ്വഹണ ഏജൻസി ഏതെന്നും വിശദമാക്കുമോ ?

(സി) ഇവയിൽ ഓരോന്നിനും വിനിയോഗിക്കാൻ ഉദ്ദേശിക്കുന്ന തുക ചുവടെ ചേർക്കുന്നു.

1. നന്തൻകോട് കുളം - ₹12,00,000/-
2. മാവിറവിള കുളം - ₹15,00,000/-
3. തെങ്ങുവിള കുളം - ₹15,00,000/-
4. കോട്ടുകോണം കുളം- ₹14,78,000/-
5. വേളാരിവിള കുളം - ₹14,78,000/-
6. നമ്പുവിളകുളം - ₹15,00,000/-

കെ.ഐ.ഐ.ഡിസിയുടെ സാങ്കേതിക മേൽനോട്ടത്തിൽ ബന്ധപ്പെട്ട വാർഡ് കൗൺസിലർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത കുളങ്ങളുമായി ബന്ധപ്പെട്ട റസിഡന്റ്സ് അസോസിയേഷനുകൾ വഴിയാണ് മേൽ പദ്ധതി നിർവഹിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ